ഉത്തരം

(എ) അതിവേഗം ബഹുദൂരം പദ്ധതിക്കായി വകുപ്പടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ ആണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ബാധകമല്ല.

ചെലവുചുരുക്കൽ നടപടി

10. [10] ശ്രീ. റ്റി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥന്മാർ എന്നിവർ വിമാന യാത്ര നടത്തുമ്പോൾ ഇക്കോണമി ക്ലാസിൽ മാത്രമേ യാത്ര ചെയ്യാവൂ എന്ന മുൻ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പിൻവലിച്ചിട്ടുണ്ടോ, എങ്കിൽ എന്നാണ് പിൻവലിച്ച തെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ മുഖ്യമന്ത്രി, മന്ത്രിമാർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ വിമാന യാത്ര നടത്തുന്നത് ഏത് ക്ലാസിലാണ്;

(സി) മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും 2005 ഒക്ടോബർ, നവംബർ, ഡിസംബർ, 2006 ജനുവരി എന്നീ നാലു മാസങ്ങളിൽ എത്ര വിമാനയാത്ര നടത്തി; അവ ഓരോന്നും ഏതെല്ലാം തീയതിയിലായിരുന്നുവെന്നും അവർ ഏത് ക്ലാസിലാണ് യാത്ര നടത്തിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സാമ്പത്തിക നിലയിൽ നേരിയ പുരോഗതി ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ, 13-10-2003-ലെ സർക്കാർ ഉത്തരവ് നം. (പി) 530/2003/ധന പ്രകാരം മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവരെക്കൂടാതെ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും അതിന് മുകളിൽ റാങ്കുള്ള ഉദ്യോഗസ്ഥന്മാർക്കും എക്സിക്യൂട്ടീവ് ക്ലാസിൽ വിമാന യാത്ര നടത്താമെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) മുഖ്യമന്ത്രി ഇക്കോണമി ക്ലാസിൽ മാത്രമാണ് യാത്ര ചെയ്യുന്നത്. മന്ത്രിമാർ, പ്രിൻസിപ്പൽ സെക്രട്ടറിമാർ തുടങ്ങിയവർ എക്സിക്യൂട്ടീവ് ക്ലാസിലും ഇക്കോണമി ക്ലാസിലും വിമാന യാത്ര നടത്തുന്നുണ്ട്.

(സി) മുഖ്യമന്ത്രി 2005 ഒക്ടോബർ മാസത്തിൽ 3-10-2005, 5-10-2005, 6-10-2005, 8-10-2005, 9-10-2005 എന്നീ തീയതികളിൽ ഇക്കോണമി ക്ലാസിൽ വിമാനയാത്ര നടത്തിയിട്ടുണ്ട്. 2005 നവംബർ മുതൽ 2006 ജനുവരി 15 വരെയുള്ള വിമാന യാത്രയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ധനകാര്യ വകുപ്പുമന്ത്രി 2005 ഒക്ടോബർ, നവംബർ, ഡിസംബർ, 2006 ജനുവരി എന്നീ നാലു മാസങ്ങളിൽ 21-10-2005, 4-12-2005, 11-12-2005, 21-12-2005 എന്നീ തീയതികളിൽ എക്സിക്യൂട്ടീവ് ക്ലാസിൽ വിമാന യാത്ര നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly